# എം.റ്റി.എൽ.പി.സ്കൂൾ
# ചിറയിറമ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# <u>ഉള്ളടക്കം</u>


➔ ആമുഖം

➔ സ്കൂൾ പ്ലാൻ

➔ പ്രൊഫൈൽ

➔ സ്കൂൾ ഫാക്കൽറ്റി

➔ ചരിത്രം

➔ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

➔ മോണിറ്ററിംഗ്

➔ ഉപസംഹാരം

# 2025-2026

## ആമുഖം

ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം  സാധ്യമാക്കുന്നതിനു സഹായകമായ പദ്ധതികൾ  ഉൾക്കൊള്ളിച്ചുകൊണ്ടാണ്  നമ്മുടെ വിദ്യാലയ വികസന  പദ്ധതി രൂപീകരിച്ചിട്ടുള്ളത്.  അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും,  പുതിയ നയങ്ങൾ ആവിഷ്കരിക്കുന്നതിനും ഇത് സഹായിക്കുന്നു.


പൊതുസമൂഹത്തിന്റേയും പി.ടി.എ -യുടേയും പിന്തുണ കൊണ്ട് വിദ്യാലയം  മികവിലേയ്ക്ക്   വളർന്നുകൊണ്ടിരിക്കുന്നു. ഓരോ ക്ലാസിലും കുട്ടി നേടേണ്ട കഴിവുകളും ശേഷികളും ധാരണകളും നേടി എന്ന്  ഉറപ്പുവരുത്തുകയും ആശയ വിനിമയ ശേഷിയും, ഭാഷാജ്ഞാനവും സർഗ്ഗാത്മക കഴിവുകളുടെ വികസനവും കലാ-കായിക ശേഷികളുടെ വികസനവും ലക്ഷ്യം വെച്ചുകൊണ്ടാണ്  ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ .

ശ്രീമതി.ഷാന്റി പീറ്റർ

പ്രഥമാധ്യാപിക



# സ്കൂൾ പ്ലാൻ



MTLP SCHOOL CHIRAYIRAMBU
നീളം- 25.87m
വീതി- 4.87m
ഉയരം- 3.45m
Classroom
class room
class room
class room
Office
kitchen
Toilet
PLAN
Scale 1:100

# വിദ്യാലയ പ്രൊഫൈൽ

| | |
|---|---|
| സ്കൂളിന്റെ പേര് | : എം റ്റി എൽ പി സ്കൂൾ ചിറയിറമ്പ് |
| സ്ഥാപിതം | : 1894 |
| സ്കൂൾ കോഡ് | : 37310 |
| റവന്യൂ ജില്ല | : പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : തിരുവല്ല |
| വിദ്യാഭ്യാസ ഉപജില്ല | : പുല്ലാട് |
| ബി.ആർ.സി | : പുല്ലാട് |
| ഗ്രാമ പഞ്ചായത്ത് | : തോട്ടപ്പുഴശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : കോയിപ്രം |
| താലൂക്ക് | : തിരുവല്ല |
| വില്ലേജ് | : തോട്ടപ്പുഴശ്ശേരി |
| പിൻ കോഡ് | : 689549 |
| ഇ-മെയിൽ | : mtlpschirayirambu@gmail.com |
| ഹെഡ്മിസ്ട്രസിന്റെ പേര് | : ശ്രീമതി.ഷാന്റി പീറ്റർ |
| മൊബൈൽ നമ്പർ | :9495513734 |

# സ്കൂൾ ഫാക്കൽറ്റി

| | |
|---|---|
| പ്രഥമാധ്യാപിക | : ഷാന്റി പീറ്റർ |
| സഹ അധ്യാപകർ | : മായ പി ബി |
| | : ബിന്ദുജ .പി |
| | : അപർണ്ണ  മോഹൻ |

# ലഘു ചരിത്രം

ചിറയിറമ്പ് പ്രാർഥനായോഗക്കാരുടെ ശ്രമഫലമായി 1894-ൽ  സ്ഥാപിതമായ ഈ വിദ്യാലയം ആരംഭ ഘട്ടത്തിൽ ഓലമേഞ്ഞ കെട്ടിടമായിരുന്നു.പിന്നീട് ഭിത്തി ബലപ്പെടുത്തി ഓടിട്ട് എപ്പോഴത്തെ നിലയിലുള്ള കെട്ടിടമാക്കിത്തീർത്തു. ചിറയിറമ്പ് പ്രദേശത്തുള്ള ആളുകൾക്ക്  കൂടിവന്ന് പ്രാർഥിക്കുന്നതിനും ഇവിടെയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനും വേണ്ടി  ഒരു പൊതുസ്ഥലം ഇല്ലാതിരുന്നതിനാലും ഇവിടെയുള്ള ആളുകൾ കൂടിയിരുന്നാലോചിച്ചതിന്റെ ഫലമായി സ്ഥാപിതമായതാണ് ഈ വിദ്യാലയം .ഇപ്പോൾ ഈ സ്ഥാപനം മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിംഗ് അധീനതയിൽ പ്രവർത്തിച്ചു വരുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ലക്ഷ്യങ്ങൾ

- **അക്കാദമികം**

- ഓരോ ക്ലാസുകളിലും കുട്ടികൾ  നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
- മുഴുവൻ കുട്ടികളുടേയും സവിശേഷമായ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും നന്നായി പരിപോഷിപ്പിക്കൽ.
- സ്കൂൾതല മേളകൾ കുറച്ചുകൂടി വിപുലീകരിച്ച് നടപ്പാക്കൽ.
- എല്ലാ മാസവും മൂല്യനിർണ്ണയം നടത്തി കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുക.
- കുട്ടികൾക്ക്  കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിന് ആവശ്യമായ രചനാ പ്രവർത്തനങ്ങൾ നൽകുക.
- സാമൂഹ്യ രംഗത്ത് ധാരണ,പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക.
- പ്ലാസ്റ്റിക്ക് മുക്ത -ലഹരി മുക്ത സ്കൂൾ അന്തരീക്ഷം ഉറപ്പാക്കുന്നു.

- **പഠനാന്തരീക്ഷം**

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് വിവിധ ഘടകങ്ങളെ പരിഗണിക്കേണ്ടത് അനിവാര്യമാണ്.

- ക്ലാസ് മുറികളുടെ സജ്ജീകരണം.

- ക്ലാസ് മുറികളിലെ ജനാധിപത്യം,അവസര സമത്വം,സ്വതന്ത്യ ചിന്ത ,ലിംഗ സമത്വം തുടങ്ങി എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം.
- അനുയോജ്യമായ പഠനോപകരണങ്ങൾ.
- അധ്യാപക വിദ്യാർത്ഥി ബന്ധം.

**ഭൗതിക സാഹചര്യം**

മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റുന്നതിന് ആവശ്യമായ ഘടകങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തി.

- സ്കൂൾ നവീകരണത്തിന്റെ ഭാഗമായി ക്ലാസ്റൂം ഉപകരണങ്ങൾ പുന:ക്രമീകരിച്ചു.
- ക്ലാസ്റൂം നവീകരണത്തിന്റെ ഭാഗമായി നഴ്സറിയിൽ ചുമർ ചിത്രങ്ങൾ ഉൾപ്പെടുത്തി.
- പരിസ്ഥിതി സൗഹൃദവും വിദ്യാർത്ഥി സൗഹൃദവും ആയ സ്കൂൾ-ക്ലാസ് അന്തരീക്ഷം .
- ഗതാഗത സൗകര്യം.

**സാമൂഹ്യ ഇടപെടലുകൾ**

- PTA
- SMC
- MPTA
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർത്ഥികൾ

## സ്കൂൾ നേരിടുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

- കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്
- സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ ഇന്റർനെറ്റിന്റെ അഭാവം.
- പ്രിന്ററിന്റെ അഭാവം.
- സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടറിന്റെ അഭാവം.

## ഹ്രസ്വകാല /ദീർഘകാല ലക്ഷ്യങ്ങൾ

**വിഷയം: മലയാളം**

- ✔ സംയുക്ത ഡയറി - ദീർഘകാലം
- ✔ വായനയിലൂടെ ആശയം ഗ്രഹിക്കുന്നു -ദീർഘകാലം
- ✔ വായിച്ച ആശയം ചുരുക്കി പറയുന്നു - ഹ്രസ്വകാലം
- ✔ എല്ലാ കുട്ടികൾക്കും മലയാള ഭാഷ വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നു -ദീർഘകാലം

**പരിസര പഠനം**

- ✔ ശാസ്ത്ര പരീക്ഷണങ്ങളിലേർപ്പെടുന്നു - ഹ്രസ്വകാലം
- ✔ ദിനാചരണങ്ങൾ - ദീർഘകാലം
- ✔ പൂന്തോട്ട നിർമ്മാണം - ദീർഘകാലം
- ✔ പരിസ്ഥിതി ശുചീകരിക്കൽ - ദീർഘകാലം

**ഗണിതം**

- ✔ ഗണിതപ്പട്ടുകൾ ആസ്വദിക്കൽ - ഹ്രസ്വകാലം
- ✔ സംഖ്യാ വ്യാഖ്യാനം - ദീർഘകാലം
- ✔ ഗണിത മാഗസിൻ നിർമ്മാണം -ദീർഘകാലം
- ✔ യുക്തി ചിന്തയെ പ്രോത്സാഹിപ്പിക്കൽ- ദീർഘകാലം

**ഇംഗ്ലീഷ്**

- ✔ ഇംഗ്ലീഷ് പുസ്തക വായന (ലൈബ്രറി ) - ദീർഘകാലം
- ✔ ഇംഗ്ലീഷ് ഡയറിക്കുറുപ്പ് - ദീർഘകാലം
- ✔ ഇംഗ്ലീഷ് അസംബ്ലി - ഹ്രസ്വകാലം
- ✔ ഇംഗ്ലീഷ് ഫെസ്റ്റ് - ഹ്രസ്വകാലം
- ✔ ഇംഗ്ലീഷ് കോർണർ ദീർഘകാലം

**മോണിറ്ററിംഗ്**

- ➔ കുട്ടിയുടെ നിലവാരം പരിശോധിക്കുന്നു.പാഠ്യേതര മേഖലകളിലെ നൈപുണികൾനിരന്തരമായി വിലയിരുത്തുന്നു.
- ➔ പഠന പുരോഗതി രേഖപ്പെടുത്തുകയുംരക്ഷിതാക്കളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു.
- ➔ മെച്ചപ്പെടുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തി പരിഹരിക്കുന്നു.
- ➔ വിലയിരുത്തലിലൂടെ ലഭിക്കുന്ന വിവരങ്ങൾപഠന പ്രക്രിയകൾ മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നു.

➔ ആരോഗ്യ വിദ്യാഭ്യാസം,കായിക വിദ്യാഭ്യാസം എന്നിവ നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സൂചകങ്ങൾ

ഉപയോഗിച്ച് വിലയിരുത്തുന്നു .

➔ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് സമൂഹ പങ്കാളിത്തം

ഉറപ്പുവരുത്തുന്നു.

➔ വിവിധ കമ്മറ്റികളുടെ നേതൃത്വത്തിൽ പ്രവർ

ത്തനംനടത്തുന്നു.

**ഉപസംഹാരം**

വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥയും സ്ഥാപനതല അക്കാദമിക ആസൂത്രണവുമായി ബന്ധപ്പെടുത്തിയാണ്

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.സ്മാർട്ട് ക്ലാസുകളും പ്രായോഗികപരിശീലനങ്ങളും പ്രൈമറിക്ലാസുകളിൽ കൂടുതൽ മെച്ചപ്പെടുന്നതിന് ക്ലാസ്റൂമുകൾ നവീകരിക്കേണ്ടതുണ്ട് ആയതിനാൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ

പ്രാധാന്യവും ,ലക്ഷ്യവും ഉൾക്കൊണ്ട് പഠന നിലവാരം മെച്ചപ്പെടുത്തിയും ഭൗതികസൗകര്യങ്ങൾഉറപ്പുവരുത്തിയും ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻസാധിക്കുമെന്ന

ശുഭപ്രതീക്ഷയോടെ ഉപസംഹരിച്ചുകൊള്ളുന്നു.